പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.3102 | 10.05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എൻ.ആർ.എച്ച്.എം പണിത 5 നില കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ കണക്ഷൻ ലഭിക്കുന്നതിനു തിരുവനന്തപുരം ഡി.എം.ഒ വഴി ഡി.എച്ച്.എസ്സിനു നൽകിയ ട്രാൻസ്ഫോമർ മാറ്റി വയ്ക്കുന്നതിനു ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകിയ എസ്റ്റിമേറ്റ് തുക ആയ 38 ലക്ഷം രൂപ അനുവദിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; | എ)<br>&<br>ബി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൈടെൻഷൻ കണക്ഷനു വേണ്ടി സമർപ്പിച്ച 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം സമർപ്പിച്ചത് 2016 - 17 സാമ്പത്തിക വർഷം അവസാനമായതിനാൽ നിലവിലെ ശീർഷകങ്ങളിൽ തുക ലഭ്യമായിരുന്നില്ല. 2017 - 18 സാമ്പത്തിക വർഷത്തെ മേജർ കൺസ്ട്രക്ഷൻ വർക്ക് സ്കീമിൽ പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| ബി) | ട്രാൻസ്ഫോർമർ മാറ്റി വയ്ക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തുക മേയ് 30 ന് മുൻപ് നൽകാൻ കഴിയുമോ; | | |
| സി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമോ കെയർ യൂണിറ്റിന്റെ ഇലക്ട്രിക്കൽ വർക്കിനു തുക അനുവദിച്ചിട്ടുണ്ടോ; | സി) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം. എം. എസ്.പി 359740/2014/ആ.വ.ഡ തീയതി 27/01/2015 പ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ നിലവിലുള്ള അത്യാഹിത വിഭാഗത്തിന്റെ അറ്റകുറ്റ പണികൾക്കും മറ്റുമായി 26 ലക്ഷം രൂപ അനുവദിച്ചു. ഇലക്ട്രിക്കൽ വർക്കിന് തുക അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഈ ആശുപത്രിയിൽ രാത്രി കാലങ്ങളിൽ കാഷ്വാലിറ്റിയിൽ 3 ഡോക്ടർമാരുടെ സേവനം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു. | ഡി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസറുടെ തസ്തികയാണ് നിലവിലുള്ളത്. ആയതിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| ഇ) | ഈ ആശുപത്രിയിലെ ബ്ലെഡ് ബാങ്കിനു വേണ്ടി ഡോക്ടറെ നിയമിക്കുന്നതിനു എന്തെല്ലാം നടപടി സ്വീകരിച്ചു? | ഇ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലെഡ് ബാങ്കിൽ ഡോക്ടറുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ആയത് സൃഷ്ടിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ